**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കാസറഗോഡ് ജില്ല -നീലേശ്വരം നഗരസഭ - നീലേശ്വരം വില്ലേജ് - ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. നീലേശ്വരം നഗരസഭ സെക്രട്ടറിയുടെ 01/07/2020 ലെ ഇ 1/5364/18 നമ്പർ കത്ത്.

3. കാസർഗോഡ് ടൗൺ പ്ലാനറുടെ 14/07/2020- ലെ സി/68/2020-C നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/1264/2020/D1 തീയതി:**15/09/2020**

---

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭ പരിധിയിലുള്ള നീലേശ്വരം വില്ലേജിൽറീ. സർവ്വേ നമ്പർ 56/11, 56/12, 56/13, 56/14, 62/12 എന്നിവയിൽ ഉൾപ്പെട്ട 92 സെന്റ് (3723.24 $m^2$) സ്ഥലത്ത് നഗരസഭ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബസ് സ്റ്റാൻഡിനും അതിനോടനുബന്ധമായി നിർമ്മിക്കുന്ന ഷോപ്പിംഗ് കം ഓഫീസ് കെട്ടിടത്തിനും വേണ്ടിയുള്ള ലേ- ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിതകത്തുകൾ മുഖേന ലഭ്യമാക്കിയ നീലേശ്വരം മുൻസിപ്പൽ സെക്രട്ടറി യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും, അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. കെ.എം.ബി.ആർ 2019 ലെ ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധമായ രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അളവുകൾ എന്നിവ നഗരസഭ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ .എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും വിധേയമായിരിക്കണം
3. കെ.എം.ബി.ആർ 2019 ചട്ടം 79 പ്രകാരം ഉപരിതല ഖര-ജല മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സംവിധാനം ഒരുക്കേണ്ടതാണ്.
4. കെ.എം.ബി.ആർ 2019 ചട്ടം 76(2) പ്രകാരം മഴവെള്ള സംഭരണിക്കായുള്ള ക്രമീകരണങ്ങൾ അപേക്ഷകൻ ഉറപ്പാക്കേണ്ടതാണ്.

5. കെ.എം.ബി.ആർ 2019 ചട്ടം 29 പ്രകാരം പാർക്കിംഗ് സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിനു ശേഷമേ നമ്പർ നൽകാവൂ.
6. കെ.എം.ബി.ആർ 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാക്കേണ്ടതാണ്.
7. കെ.എം.ബി.ആർ 2019 ചട്ടം 34 മതിയായ ശുചിത്വ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമേ കെട്ടിടത്തിന് നമ്പർ നൽകാവൂ.
8. നിർമ്മാണ സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ടെന്ന് നഗരസഭ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :77/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2020.09.15 16:39:17 IST
Reason: Approved

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, നീലേശ്വരം നഗരസഭാ കാര്യാലയം, നീലേശ്വരം 671314

പകർപ്പ്:-

1. സെക്രട്ടറി, നീലേശ്വരം മുൻസിപ്പാലിറ്റി, നീലേശ്വരം-671314
2. ടൗൺ പ്ലാനർ, കാസറഗോഡ്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr11092020